# സഹപീഡിയ - യുനെസ്കോ ഫെല്ലോഷിപ്പ് 2020

## അനുബന്ധം -2

**സഹപീഡിയ - യുനെസ്കോ ഫെല്ലോഷിപ്പിനു തിരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡം.**

- അപേക്ഷാർഥി സമർപ്പിക്കുന്ന പ്രമേയത്തിന്റെയും ലേഖനമാതൃകയുടെയും ഭാഷ.
- മാതൃകാ വീഡിയോകളുടെ വിലയിരുത്തൽ. അവയിലെ ഛായാഗ്രഹണം, ദൃശ്യങ്ങൾ, ആഖ്യാനം ചെയ്യാനുള്ള കഴിവ് എന്നിവയുടെ അടിസ്ഥാനത്തിലാവും വിലയിരുത്തുക..
- ശ്രോതസ്സുകളെപ്പറ്റിയുള്ള ധാരണ, പൂർണത, ശ്രോതസ്സുകളുടെ വൈപുല്യം
- പ്രമേയത്തിന്റെ ലക്ഷ്യം സംബന്ധിച്ചുള്ള വ്യക്തത
- പ്രൊജക്ടിന്റെ പൂർണതയും അതു  പൂർത്തീകരിക്കാനുള്ള മാർഗവും സംബന്ധിച്ചുള്ള  വ്യക്തത
- പ്രമേയത്തിനും ഗവേഷണ മേഖലയ്ക്കുമുള്ള ചേർച്ച
- ഗവേഷണത്തിനുള്ള വിഷയം, അതിന്റെ പ്രസക്തി

**ഗവേഷണ മേഖല**

ഇന്റാൻജിബിൾ ഹെറിറ്റേജിന്റെ സംരക്ഷണവുമായി ബന്ധപ്പെട്ട് 2003 ലെ യുനെസ്കോ അന്താരാഷ്ട്ര കൺവൻഷനിൽ (തുടർന്ന് യുനെസ്കോ 2003 കൺവൻഷൻ എന്നു മാത്രമാകും പരാമർശിക്കുന്നത് ) രേഖപ്പെടുത്തിയിട്ടുള്ളതു പ്രകാരം ഒരു പ്രാഥമിക പട്ടികയും

അടിയന്തിര സംരക്ഷണമാവശ്യമായവയുടെ മറ്റൊരു പട്ടികയും https://ich.unesco.org/en/lists. എന്ന സൈറ്റിൽ ലഭിക്കും.

- അപേക്ഷാർഥികൾക്ക് ഈ പട്ടിക പരിശോധിക്കാവുന്നതും ഇവയിൽനിന്ന് ഗവേഷണ വിഷയത്തിനുള്ള പ്രേരണ ഉൾക്കൊള്ളാവുന്നതുമാണ്.
- ഗവേഷണ മേഖല പ്രധാനമായും ഇന്ത്യൻ സംസ്കാരത്തിലും പരമ്പരാഗത വിജ്ഞാനത്തിലും അധിഷ്ഠിതമാകണം.
- ഫെല്ലോഷിപ്പിന്റെ ഭാഗമായി അപേക്ഷകന് വൈദഗ്ധ്യമോ താൽപര്യമോ ഉള്ള മേഖലയിലെ ഇന്റാൻജിബിൾ ഹെറിറ്റേജിൽ ഗവേഷണവും രേഖപ്പെടുത്തലും നടത്താവുന്നതാണ്.